**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 162** — **07-06-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri M. V. Govindan Master (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എത്ര റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ 2021 ജൂൺ 30 വരെ എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട് എന്നറിയിക്കുമോ; ഇവ നികത്തുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 31.05.2021 ൽ നിലവിലുള്ള ഒഴിവുകൾ റവന്യൂ ഇൻസ്പെക്ടർ - 1 സൂപ്രണ്ട് - 3 റവന്യൂ ഓഫീസർ ഗ്രേഡ് 2 - ഇല്ല പി.എ.ടു സെക്രട്ടറി - 3 ഡെപ്യൂട്ടി സെക്രട്ടറി - 3 2021 മേയ്, ജൂൺ മാസങ്ങളിലെ റിട്ടയർമെന്റ് ഒഴിവുകൾ റവന്യൂ ഇൻസ്പെക്ടർ - 2 സൂപ്രണ്ട് - 5 റവന്യൂ ഓഫീസർ ഗ്രേഡ് 2 - 1 പി.എ.ടു സെക്രട്ടറി - 7 ഡെപ്യൂട്ടി സെക്രട്ടറി - 1 ടി ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) | തദ്ദേശ സ്വയംഭരണ പൊതുസർവീസിന്റെ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; ആയതിന് എന്നത്തേക്ക് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവീസ് രൂപീകരിച്ച് സ.ഉ (കൈ)നം.106/2020/തസ്വഭവ. തീയതി 17.07.2020 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നത് സംബന്ധിച്ചുള്ള ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 19.07.2010 ലെ 11884/R1/07/P&ARD നമ്പർ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്ന നടപടികളുടെ ഭാഗമായി ലോക്കൽ സെൽഫ് ഗവൺമെന്റ് കമ്മീഷൻ (LSG Commission) തയ്യാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവ്വീസിന്റേയും സബോർഡിനേറ്റ് സർവ്വീസിന്റേയും കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ 22.12.2020 ൽ പ്രസിദ്ധീകരിച്ചിരുന്നു. ആയത് പ്രകാരം ലഭിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ച സംഘടനകളുടെ പ്രതിനിധികളുമായി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 15.02.2021ന് വെർച്ചൽ മീറ്റിംഗ് നടത്തിയിരുന്നു. ടി |

| | | | |
|---|---|---|---|
| | | | കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിന് മേൽ സർക്കുലർ പ്രകാരം സ്വീകരിയ്ക്കേണ്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ